"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

കേരള സർക്കാർ

## സംഗ്രഹം

തദ്ദേശസ്വയംഭരണം - ജീവനക്കാര്യം- തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമ പഞ്ചായത്തിൽ ദിവസ വേതനാടിസ്ഥാനത്തിൽ മാർക്കറ്റ് സ്വീപ്പറായി സേവനമനുഷ്ഠിച്ചിരുന്നു വരുന്ന ശ്രീമതി സെൽവം ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No 29425/2023 നമ്പർ ഹർജിയിന്മേലുള്ള 11.09.2023-ലെ ഉത്തരവ് പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശസ്വയംഭരണ(ഇപിഎ) വകുപ്പ്

സ.ഉ.(സാധാ) നം.1327/2024/LSGD തീയതി,തിരുവനന്തപുരം, 21-07-2024

---

പരാമർശം:-

1. സ.ഉ(പി) നം.501/2005/ധന, തീയതി 25.11.2005
2. സഉ(സാധാ) നം 265/2010/തസ്വഭവ, തീയതി 23.01.2010
3. സഉ(സാധാ) നം 204/2017/തസ്വഭവ, തീയതി 13.10.2017.
4. ശ്രീമതി സെൽവം ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No 29425/2023 നമ്പർ ഹർജിയിന്മേലുള്ള 11.09.2023 ലെ ഉത്തരവ്.
5. പ്രിൻസിപ്പൽ ഡയറക്ടറുടെ 18.11.2023 ലെ DEF4-18210/2023/PAN നമ്പർ കത്ത്.

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമ പഞ്ചായത്തിൽ 1987 മുതൽ ദിവസ വേതനാടിസ്ഥാനത്തിൽ മാർക്കറ്റ് സ്വീപ്പറായി ജോലി ചെയ്തുവരുന്ന ശ്രീമതി സെൽവം ടിയാളെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തണമെന്ന് അപേക്ഷിച്ച് ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന WP(C) No 37874/2008 നമ്പർ കേസിന്മേലുള്ള 05.03.2009-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ ഓഫീസ് പ്രവർത്തിക്കുന്ന കെട്ടിടങ്ങളിൽ ജോലി ചെയ്യുന്ന കാഷ്വൽ സ്വീപ്പർമാർക്ക് മാത്രം ബാധകമായിട്ടുള്ളതിനാലും, മാർക്കറ്റ് പോലെയുള്ള പൊതുസ്ഥലങ്ങളിൽ ദിവസവേതനത്തിൽ സ്വീപ്പർമാരായി ജോലി ചെയ്യുന്ന ജീവനക്കാർ പ്രസ്തുത ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെട്ട് വരുന്നില്ല എന്നതിനാലും മാർക്കറ്റ്/പൊതുറോഡ് സ്വീപ്പറായ പരാതിക്കാരി മേൽ ഉത്തരവിന്റെ പരിധിയിൽ ഉൾപ്പെടാത്തതിനാൽ ടിയാളുടെ അപേക്ഷ നിരസിച്ച് പരാമർശം(2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ടിയാൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No 16151/2010 നമ്പർ ഹർജിയിന്മേലുള്ള ബഹു.ഹൈക്കോടതിയുടെ 19.12.2016-ലെ വിധിന്യായത്തിൽ പരാമർശം (2) സർക്കാർ ഉത്തരവ് റദ്ദ് ചെയ്യുകയും പരാമർശം (1) ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം ഹർജികക്ഷിയുടെ നിയമനം ക്രമവൽക്കരിക്കുവാനും അതിൻപ്രകാരം അർഹതപ്പെട്ട സാമ്പത്തികാനുകൂല്യങ്ങൾ അനുവദിക്കുവാനും നിർദ്ദേശിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ഓഫീസ് കെട്ടിടം ശുചിയാക്കുന്നില്ല എന്നതിനാൽ ടിയാളുടെ അപേക്ഷ തള്ളിക്കളയാനാവില്ലെന്ന കോടതി നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഹർജികക്ഷിയുടെ അപേക്ഷ പ്രത്യേക കേസായി പരിഗണിച്ച് ടിയാളെ ബഹു.ഹൈക്കോടതിയുടെ ഉത്തരവ് തീയതിയായ 19.12.2016 തീയതി പ്രാബല്യത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ സ്ഥിരപ്പെടുത്തുന്നതിന് അനുമതി നൽകി പരാമർശം (3) ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2. എന്നാൽ, പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ നിയമനം ഗ്രാമപഞ്ചായത്ത് കമ്മിറ്റി തീരുമാനം കൈക്കൊണ്ട 19.09.1991 മുതൽ ക്രമവൽക്കരിച്ച് നൽകണമെന്ന് അപേക്ഷിച്ച് ശ്രീമതി സെൽവം ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No 29425/2023 നമ്പർ കേസ്സിന്മേലുള്ള 11.09.2023 ലെ പരാമർശം(4) പ്രകാരമുള്ള ഉത്തരവിൽ Exbt P5 പ്രകാരമുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം Exbt P7 പ്രകാരമുള്ള ഹർജി കക്ഷിയുടെ അപേക്ഷ എന്നിവ പരിഗണിച്ച് കക്ഷിയെ നേരിൽ കേട്ട് നിയമാനുസൃതം തീരുമാനമെടുക്കുന്നതിനായി സർക്കാരിന് നിർദ്ദേശം നൽകിയിരുന്നു.

3. മാർക്കറ്റ് ആരംഭിക്കുന്നതിനായി 1991-ൽ സൗജന്യമായി പഞ്ചായത്തിന് സ്ഥലം വിട്ടു നൽകിയതിന്റെ പേരിൽ പഞ്ചായത്ത് മാർക്കറ്റ് സ്വീപ്പറായി ശ്രീമതി സെൽവത്തിന് നിയമനം നൽകിയിരുന്നുവെന്നും 1991 മുതൽ പ്രസ്തുത തസ്തികയിൽ ജോലിനോക്കി വരുന്നതാകയാലും ടിയാളെ സ്ഥിരപ്പെടുത്തിയ 19.12.2016 മുതലുള്ള കാലയളവിൽ ലഭിക്കാവുന്ന സർവ്വീസ് ആനുകൂല്യങ്ങൾ വളരെ പരിമിതമാകുമെന്നതിനാലും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ടിയാളുടെ തുച്ഛമായ ശമ്പളം കിടപ്പുരോഗിയായ ഭർത്താവിന്റേയും മാനസികവെല്ലുവിളി നേരിടുന്ന മകന്റേയും ചികിത്സയ്ക്ക് അപര്യാപ്തമാകുന്നതിനാലും ടിയാളുടെ സഹതാപർഹമായ സാഹചര്യങ്ങളും പബ്ലിക് മാർക്കറ്റ് തുടങ്ങുന്നതിന് സൗജന്യമായി സ്ഥലം വിട്ടുനൽകിയതും പരിഗണിച്ചും ടിയാൻ ജോലിചെയ്തിരുന്ന മുഴുവൻ കാലയളവിലേയും പെൻഷൻ ലഭിക്കുമാറ് 19.09.1991 മുതലുള്ള സേവന കാലയളവ് കൂടി ക്രമവൽക്കരിച്ച് ഡ്യൂട്ടിയായി പരിഗണിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് Exbt P5 പ്രകാരം പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചിട്ടുണ്ട്.

4. കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ശ്രീമതി. സെൽവത്തിനെ തദ്ദേശ സ്വയം ഭരണ വകുപ്പ് ഡെപ്യൂട്ടി സെക്രട്ടറി 10.01.2024 ൽ നേരിൽ കേൾക്കുകയുണ്ടായി. 19.12.2016 മുതലുള്ള സേവനം ക്രമീകരിക്കുന്നതുമൂലം 1991 മുതലുള്ള 36 വർഷത്തെ സേവനത്തിൽ വെറും 8 വർഷത്തെ സേവനം മാത്രമേ പെൻഷന് പരിഗണിക്കപ്പെടുകയുള്ളൂയെന്നും കേവലം 13 മാസം മാത്രമേ സർവ്വീസ് അവശേഷിക്കുന്നുള്ളൂ എന്നതിനാൽ സാമ്പത്തികമായുള്ള പിന്നോക്കാവസ്ഥയിൽ ഭർത്താവിന്റേയും മകന്റേയും ചികിത്സാചെലവ് നടത്തേണ്ടി വരുന്ന സാഹചര്യം പരിഗണിച്ച് പഞ്ചായത്ത് കമ്മിറ്റി തീരുമാനം കണക്കിലെടുത്ത് പാർട്ട് ടൈം തസ്തികയിലെ സേവനം 19.09.1991 മുതൽ ക്രമപ്പെടുത്തണമെന്ന് നേരിൽ കേൾക്കുന്ന വേളയിൽ ഹർജിക്കാരി ബോധിപ്പിക്കുകയുണ്ടായി.

5. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയ പരാമർശം(5) റിപ്പോർട്ടിൽ, ശ്രീമതി സെൽവത്തിന്റെ പിതാവ് ആറാട്ടുകുഴിയിൽ പൊതുമാർക്കറ്റ് സ്ഥാപിക്കുന്നതിന് 50 സെന്റ് സ്ഥലം വിട്ടു നൽകിയതിനെ തുടർന്നാണ് ടിയാൾക്ക് ദിവസക്കൂലിയിനത്തിൽ പ്രസ്തുത മാർക്കറ്റ് സ്വീപ്പറായി നിയമനം നൽകിയതെന്നും 19.12.2016 തീയതിയിൽ ടിയാളെ പാർട്ട് ടൈം തസ്തികയിൽ സ്ഥിരപ്പെടുത്തിയാൽ ഇയാൾക്ക് ആകെ

എട്ടു വർഷത്തിൽ താഴെ മാത്രമേ പെൻഷൻ സർവ്വീസായി ലഭിക്കുകയുള്ളൂ എന്നും അത്രയും തുച്ഛമായ പെൻഷൻ തുക കൊണ്ട് ഇയാളുടേയും കിടപ്പ് രോഗിയായ ഭർത്താവിന്റേയും മാനസിക അസ്വാസ്ഥ്യമുള്ള മകന്റേയും ശിഷ്ടകാലം കഴിയുവാൻ ബുദ്ധിമുട്ടാണ് എന്ന നിവേദനം പരിഗണിച്ചാണ് ഗ്രാമപഞ്ചായത്ത് ഭരണ സമിതി ടിയാളുടെ സർവ്വീസ് മുൻകാല പ്രാബല്യത്തോടെ ക്രമവൽക്കരിക്കാൻ ശുപാർശ ചെയ്യാൻ തീരുമാനിച്ചതെന്നും, 5 ഫുൾടൈം സ്വീപ്പർ തസ്തികകളും 2 പാർട്ട് ടൈം സ്വീപ്പർ തസ്തികകളുമുള്ള വെള്ളറട ഗ്രമ പഞ്ചായത്തിൽ നിലവിൽ 3 പേർ ഫുൾടൈം സ്വീപ്പർ തസ്തികയിലും 2 പേർ പാർട്ട് ടൈം തസ്തികയിലും കൂടാതെ 2 പേർ ദിവസവേതനാടിസ്ഥാനത്തിൽ പനച്ചമൂട് പബ്ലിക് മാർക്കറ്റിലും ജോലി ചെയ്യുന്നുവെന്നും 31.12.1991-ൽ ജില്ലാ പഞ്ചായത്ത് ഓഫീസറുടെ Exbt P7 ഉത്തരവ് പ്രകാരം ശ്രീമതി സെൽവത്തിനെ 31.12.1991 മുതൽ 2 മാസം സർവ്വീസിൽ നിന്നും ടെർമിനേറ്റ് ചെയ്തിട്ടുള്ളതാണെന്നും, സ്ഥിരപ്പെടുത്തണമെന്ന് ഭരണ സമിതി തീരുമാനമെടുത്തിട്ടുണ്ടെങ്കിലും ടിയാൾ ജോലി ചെയ്ത കാലയളവിലെ ഹാജർ പുസ്തകം ഹാജരാക്കിയിട്ടില്ലാത്തതിനാൽ ടിയാൾ തുടർച്ചയായി സേവനത്തിലുണ്ടായിരുന്നോ എന്ന് ഉറപ്പുവരുത്താൻ കഴിയുന്നില്ലെന്നും പ്രസ്തുത സാഹചര്യത്തിലും നിലവിലുള്ള ചട്ടങ്ങൾ പ്രകാരവും ഭരണ സമിതി തീരുമാനം പരിഗണനാർഹമല്ലെന്നും എന്നാൽ കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്നും പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മാർക്കറ്റ് പോലെയുള്ള പൊതുസ്ഥലങ്ങളിൽ ദിവസ വേതനത്തിൽ സ്വീപ്പർമാരായി ജോലി ചെയ്യുന്ന ജീവനക്കാർ 25.11.2005-ലെ സഉ(പി)നം 501/2005/ധന നമ്പർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പാർട്ട് ടൈം സ്വീപ്പർ തസ്തികയിൽ ക്രമവത്ക്കരണത്തിന് അർഹരല്ല. എങ്കിലും ബഹു.ഹൈക്കോടതി വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ ശ്രീമതി സെൽവത്തിനെ 19.12.2016 മുതൽ സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. നിലവിലെ മാനദണ്ഡങ്ങൾ അനുസരിച്ച് ശ്രീമതി സെൽവത്തിനെ പാർട്ട് ടൈം തസ്തികയിൽ 19.09.1991 തീയതി മുതൽ ക്രമവൽക്കരിക്കുന്നത് അനുവദനീയമല്ല. പരാമർശം(4) ഉത്തരവ് പ്രകാരം കക്ഷിയെ നേരിൽ കേട്ട് നിയമാനുസൃതം തീരുമാനമെടുക്കുന്നതിനാണ് സർക്കാരിന് നിർദ്ദേശം നൽകിയിരിക്കുന്നത്. നിലവിലെ മാനദണ്ഡങ്ങളിൽ നിന്നും വ്യതിചലിച്ച് മാനുഷിക പരിഗണനയുടെ അടിസ്ഥാനത്തിൽ ക്രമവത്ക്കരണം അനുവദിക്കുന്നത് ഒരു തെറ്റായ കീഴ്വഴക്കം സൃഷ്ടിക്കുമെന്നതിനാൽ, സേവനത്തിൽ പ്രവേശിച്ച നാൾ മുതൽ പാർട്ട് ടൈം തസ്തികയിൽ ക്രമവത്ക്കരണം അനുവദിക്കണമെന്നുള്ള ശ്രീമതി സെൽവം ബഹു.കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No 29425/2023 നമ്പർ ഹർജിയിൽ ഉന്നയിച്ച ആവശ്യം നിരസിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

7. പരാമർശം (4) പ്രകാരമുള്ള ബഹു.കേരള ഹൈക്കോടതിയുടെ WP(C) No 29425/2023 നമ്പർ ഹർജിയിന്മേലുള്ള 11.09.2023 ലെ ഉത്തരവ് ഇപ്രകാരം നടപ്പാക്കിയിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സെമിഗോപിനാഥ്. ജി

ഡെപ്യൂട്ടി സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം.

ശ്രീമതി സെൽവം, ഷീജ ഭവൻ, ആറാട്ടു കുഴി, കുത്താളി പി ഓ, വെള്ളറട,
തിരുവനന്തപുരം, 695125

ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് തിരുവനന്തപുരം
(പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

സെക്രട്ടറി, വെള്ളറട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
പ്രിൻസിപ്പൽ ഡയറക്ടർ മുഖാന്തിരം)

ധന വകുപ്പ്( 07.05.2024ലെ ഡെവ-1/29/24/ധന നമ്പർ കത്ത് മുഖാന്തിരം)

ഇൻഫർമേഷൻ ആന്റ് പബ്ലിക്ക് റിലേഷൻസ് (വെബ് ആൻഡ് ന്യൂ മീഡിയ ) വകുപ്പ്.

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം , തിരുവനന്തപുരം.

കരുതൽ ഫയൽ / ആഫീസ് പകർപ്പ് (ഫയൽ നം. 200/ഇപിഎ2/2023/
തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Danuja M S
Date: 22-07-2024 11:24:36